എസ്.എസ്.എൽ.സി. പരീക്ഷയും മോഡറേഷനും

114 [732] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മോഡറേഷൻ നൽകേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) ഈ വർഷം പ്രസ്തുത പരീക്ഷയ്ക്ക് എത്ര മാർക്കാണ് മോഡറേഷൻ നൽകിയത്;

(സി) മോഡറേഷനില്ലാതെ എത്ര ശതമാനം വിജയമുണ്ടായി;

(ഡി) മോഡറേഷനോടുകൂടി എത്ര ശതമാനം പേർ വിജയിച്ചു;

(ഇ) മോഡറേഷനായി നൽകിയ മാർക്ക് ഏത് രീതിയിലാണ് വിഭജിച്ച തെന്ന് വ്യക്തമാക്കാമോ;

(എഫ്) മോഡറേഷന്റെ ആനുകൂല്യമില്ലാതെ തന്നെ മിനിമം മാർക്ക് വാങ്ങി ജയിച്ചവർക്ക് മോഡറേഷൻ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 2004-2005 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് നിലവിൽ വരുന്നതോടെ മോഡറേഷൻ ഇല്ലാതാകുന്നതാണ്.

(ബി) 2004-ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ സബ്ജക്റ്റു കൾക്കും നിശ്ചിത മിനിമം മാർക്ക് ലഭിച്ചിട്ടില്ലാത്ത കുട്ടികൾക്ക് 17 മാർക്കും എല്ലാ വിഷയങ്ങൾക്കും നിശ്ചിത മിനിമം മാർക്ക് ലഭിക്കുകയും എന്നാൽ ഗ്രൂപ്പ് മിനിമം ലഭിക്കാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് 22 മാർക്കുവരെയും മോഡറേഷൻ നൽകിയിട്ടുണ്ട്.

(സി) 56.69 ശതമാനം.

(ഡി) 70.06 ശതമാനം.

(ഇ) സബ്ജക്റ്റ് മിനിമം ഇല്ലാത്ത വിഷയങ്ങൾക്ക് മുൻഗണന നൽകി എല്ലാ പേപ്പറുകൾക്കുമായിട്ടാണ് മാർക്ക് വിഭജിക്കുന്നത്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly